**ഹരിതകേരളം മിഷൻ**
കേരള സർക്കാർ

05.11.2018

# പത്രക്കുറിപ്പ്

## സംസ്ഥാനത്തെ ഐ.ടി.ഐ ക്യാമ്പസുകൾ ഹരിതസ്ഥാപനങ്ങളാവുന്നു

### തിരുവനന്തപുരം മേഖലാ ശിൽപ്പശാല നാളെ (07.11.2018) മന്ത്രി ടി.പി.രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.

ഹരിതകേരളം മിഷന്റെയും വ്യാവസായിക പരിശീലന വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ സംസ്ഥാനത്തെ മുഴുവൻ ഐ.ടി.ഐകളെയും ഹരിത സ്ഥാപനങ്ങളാക്കി മാറ്റുന്നു. ഹരിത കേരളം മിഷനുമായി ചേർന്ന് വ്യാവസായിക പരിശീലന വകുപ്പിലെ ട്രെയിനികളും ഇൻസ്ട്രക്ടർമാരും മറ്റ് ജീവനക്കാരും അടങ്ങുന്ന മൂവായിരത്തിലധികം പേർ നേതൃത്വം നൽകിയ **നൈപുണ്യ കർമ്മസേന**യുടെ സേവനം സംസ്ഥാനത്ത് പ്രളയ ദുരന്ത മേഖലകളിലെ ദുരിതാശ്വാസ ശുചീകരണ പ്രവർത്തനങ്ങളിൽ ഏറെ ശ്രദ്ധേയമായിരുന്നു. ഇതിനെ തുടർന്ന് ഹരിത കേരളം മിഷനും വ്യാവസായിക പരിശീലന വകുപ്പും സംയുക്തമായി ചേർന്ന് നടത്തുന്ന പദ്ധതിയാണിത്. ഇതു സംബന്ധിച്ച പ്രവർത്തന ങ്ങൾക്ക് രൂപം നൽകുന്നതിനായി തിരുവനന്തപുരത്തും തൃശൂരും രണ്ട് മേഖലാ ശിൽപ്പശാലകൾ സംഘടിപ്പിക്കും. ഇതിൽ ആദ്യത്തെ ശിൽപ്പശാല നാളെയും മറ്റന്നാളും (2018 നവംബർ 7, 8 തീയതികളിൽ) തിരുവനന്തപുരം നാലാഞ്ചിറയുള്ള മാർഗ്രിഗോറിയോസ് റിന്യൂവൽ സെന്ററിൽ നടക്കും. ബഹു.തൊഴിലും നൈപുണ്യവും & എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.ടി.പി രാമകൃഷ്ണൻ ശിൽപ്പശാല ഉദ്ഘാടനം ചെയ്യും. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ സീമ അധ്യക്ഷത വഹിക്കും. ശുചിത്വ മാലിന്യ സംസ്കരണം, കൃഷി, ജലസംരക്ഷണം, ഗ്രീൻ പ്രോട്ടോക്കോൾ തുടങ്ങി വിവിധ മേഖലകളിലെ വിദഗ്ദ്ധർ ശിൽപ്പശാലയിൽ വിഷയാവതരണം നടത്തും. ഹരിത ക്യാമ്പസിലെ ജലസംരക്ഷണം, ഹരിത ക്യാമ്പസിലെ കാർഷികാനുബന്ധ പ്രവർത്തനങ്ങൾ, ഹരിത ക്യാമ്പസ് മാസ്റ്റർ പ്ലാൻ അവതരണം, ഓരോ ക്യാമ്പസിലെയും നിലവിലുള്ള അവസ്ഥയും സാധ്യതകളും, നൈപുണ്യ കർമ്മസേനയും ഹരിതക്യാമ്പസും, ഹരിതക്യാമ്പസ് ആസൂത്രണം തുടങ്ങിയ വിഷയങ്ങൾ രണ്ടുദിവസങ്ങളിലായി നടക്കുന്ന ശിൽപ്പശാല യിൽ ചർച്ച ചെയ്യും.

**ഡോ.ടി.എൻ സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിതകേരളം മിഷൻ**

ടി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004